നം. സിജി(2)4888/08 സഹകരണസംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി, 29.2.2008

## സർക്കുലർ നമ്പർ- 18/2008

വിഷയം:- സഹകരണ വകുപ്പ് - വയനാട് ജില്ലയിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുളള 25000/- രൂപ വരെയുളള ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 25.1.2008-ലെ ജി.ഒ.(എം.എസ്) 13/2008/കൃഷി നമ്പർ ഉത്തരവ്.
2) കാർഷികോല്പാദക കമ്മീഷണർ 13.2.2008-ന് വിളിച്ചു ചേർത്ത യോഗ തീരുമാനം.

***************

കേരള കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് വയനാട് ജില്ലയിലെ ഒരേക്കറിൽ കവിയാതെ സ്വന്തമായോ മററുവിധത്തിലോ കൃഷി ഭൂമിയുളള കർഷകർ 30.6.2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുളള 25000/- രൂപ വരെയുളള കാർഷിക കടങ്ങളുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സൂചന (2) ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വയനാട് ജില്ലയിലെ ഒരേക്കറിൽ കവിയാതെ സ്വന്തമായോ മററു വിധത്തിലോ കൃഷി ഭൂമിയുളള കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 30.6.2006 നോ അതിനു മുമ്പോ എടുത്തിട്ടുളള 25000/- രൂപ വരെയുളള കാർഷിക വായ്പകൾ മാത്രമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരിക.
2. കർഷകർ വായ്പ എടുക്കുവാൻ സമർപ്പിച്ചിരിക്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കൃഷി ഭൂമിയുടെ അളവ് തന്നെയാണ് ഈ പദ്ധതിയിൻ കീഴിൽ ഭൂപരിധി കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടത്.

3. കർഷകർ സഹകരണ സ്ഥാപനത്തിൽ നിന്നും 30.6.06 നോ അതിനുമുമ്പോ എടുത്തിരുന്ന 25000/- രൂപ വരെയുളള കാർഷിക കടത്തിന്റെ സർക്കാർ ബാദ്ധ്യത ഉത്തരവ് തീയതിയായ 25.1.2008-ൽ പരമാവധി 25000/- രൂപ യായി നിജപ്പെടുത്തി ഈ പദ്ധതി പ്രകാരം സർക്കാർ ഏറ്റെടുക്കും. ഇപ്ര കാരം കണക്കാക്കപ്പെടുന്ന ബാദ്ധ്യത 25.1.2008-ൽ 25000/- രൂപയ്ക്ക് മുക ളിൽ വരുന്നെങ്കിൽ പ്രസ്തുത അധിക തുക വായ്പയെടുത്ത കർഷകൻ തന്നെ വഹിക്കേണ്ടതാണ്.

4. കടം എഴുതിത്തളളിയ വകയിൽ സർക്കാരിൽ നിന്നും ആനുകൂല്യം കിട്ടു വാൻ അർഹതയുളള വായ്പകളുടെ പട്ടിക സംഘം/ബാങ്ക് തയ്യാറാക്കി സംഘം/ബാങ്ക് ഭരണസമിതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക് ഇതോടൊപ്പം ഉളളടക്കം ചെയ്തിട്ടുളള പ്രൊഫോർമയിൽ 10.3.2008 നകം സമർപ്പിക്കേണ്ടതാണ്.

5. സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ലഭിയ്ക്കുന്ന ആനുകൂല്യ പട്ടികക ളിൻമേൽ ബന്ധപ്പെട്ട ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ പരിശോ ധന നടത്തി സാക്ഷ്യപ്പെടുത്തി ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജി സ്ട്രാർക്ക് 19.3.2008 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

6. സർക്കിളുകളിൽ/ താലൂക്കുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യ പട്ടിക യിൻ മേൽ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തലും ശുപാർശയോടും കൂടി 4 പകർപ്പുകൾ 25.3.2008 നകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

7. അനർഹമായ വായ്പകൾ ആനുകൂല്യ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും, എന്നാൽ മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി അർഹതയുളള വായ്പകൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നും, പട്ടിക ശരിയായ രീതിയിൽ തയ്യാറാക്കിയിട്ടുള ളതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉറപ്പ് വരുത്തേണ്ടതാണ്

8. ആനുകൂല്യം നൽകിയ വിവരം കടമെടുത്ത കർഷകനെ ബാങ്ക് നിർബന്ധമായും അറിയിക്കേണ്ടതും, ടി വിവരം അംഗങ്ങളുടേയും പൊതു ജനങ്ങളുടേയും അറിവിലേയ്ക്കായി സംഘം/ബാങ്ക് നോട്ടീസ് ബോർഡിൽ ആനുകൂല്യം അനുവദിച്ച് നൽകിയ തീയതി മുതൽ 6 മാസകാലത്തേയ്ക്ക് നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതുമാണ്.

ഒപ്പ്
റാണി ജോർജ്ജ് ഐഎഎസ്
സഹകരണ സംഘം രജിസ്ട്രാർ

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിററ്) വയനാട്
2. അസിസ്ററന്റ് രജിസ്ട്രാർ (ജനറൽ/ആഡിററ്) ജോയിന്റ് രജിസ്ട്രാർ മുഖേന
3. മാനേജിംഗ് ഡയറക്ടർ., കേരള സംസ്ഥാന സഹകരണ ബാങ്ക്
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, വയനാട്
6. ഈ കാര്യാലയത്തിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
7. എഡിററർ, സഹകരണ ജേർണൽ/സഹകരണ വീഥി പ്രസിദ്ധീകരണത്തിന്
8. സ്റേറാക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി

സംഘത്തിന്റെ/ബാങ്കിന്റെ പേര്

കർഷകർ 30.6.06 വരെ എടുത്തിട്ടുള്ള 25000 രൂപ വരെയുള്ള കാർഷിക വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച പട്ടിക

| | | | | 30.6.2006-ലെ ബാധ്യത | | | 25.1.2008 ലെ ബാധ്യത | | | സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക | കർഷകർ വഹിക്കേണ്ട തുക | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | മെമ്പർ നമ്പർ | പേര് | കൈവശമുള്ള ഭൂമി | മുതൽ | പലിശ | ആകെ | മുതൽ | പലിശ | ആകെ | | | റിമാർക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

കേരള സർക്കാരിന്റെ ജി.ഒ.(എം.എസ്) 13/08 കൃഷി നമ്പർ ഉത്തരവിന് വിധേയമായിട്ടാണ് ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്നും ബാങ്കിലെ രേഖകൾ പ്രകാരം ഒരേക്കർ വരെ ഭൂമിയുള്ള കർഷകർ 30.6.2006 വരെ എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള കാർഷിക വായ്പകൾ മാത്രമെ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളുവെന്നും ബോധിപ്പിക്കുന്നു. മേൽപ്പട്ടിക പ്രകാരം അനുവദിക്കുന്ന തുകയിൽ അനർഹമായ ഏതെങ്കിലും തുക പിന്നീട് പരിശോധനയിൽ കണ്ടെത്തിയാൽ പ്രസ്തുത തുക സർക്കാർ നിശ്ചയിക്കുന്ന പലിശ സഹിതം തിരിച്ചടച്ചു കൊള്ളാമെന്നു സത്യപ്രസ്താവന ചെയ്തു കൊള്ളുന്നു.

പ്രസിഡന്റ് ഡയറക്ടർ സെക്രട്ടറി